**POLICE DEPARTMENT**

**KERALA**

**No. G5-88145/2017/TC**
City Police Office,
Thiruvananthapuram
cptvm.pol@kerala.gov.in
04712320579
Dated. 26-02-2018

**<u>ലേല പരസ്യം</u>**

തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ള എ.ആർ ക്യാമ്പിലെ 2 പഴയ ബാരക്കുകളും (റ്റി സി നം 27/12662,27/1263) ഒരു വെഹിക്കിൾ ഷെഡും 22/03/18 രാവിലെ 11.30 am ന് തിരുവനന്തപുരം സിറ്റി പോലീസ് ഓഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് പൊളിച്ചു നീക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുവന്നവർ ലേല ദിവസം കൃത്യ സമയത്ത് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും, ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപ് നിശ്ചിത നിരതദ്രവ്യമായ ₹2700/-- (രണ്ടായിരത്തി എഴുന്നൂറു രൂപ മാത്രം) കെട്ടി വെച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതുമാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരത ദ്രവ്യമായ സംഖ്യ അടച്ചതിന്റെ ഡിമാൻഡ് ഡ്രാഫ്റ്റ് (ജില്ലാ പോലീസ് മേധാവി, തിരുവനന്തപുരം സിറ്റിയുടെ പേരിൽ) സഹിതം 20/03/18 ന് 3മണി വരെ കമണ്ടാന്റ് എ ആർ ക്യാമ്പ് തിരുവനന്തപുരം സിറ്റിയുടെ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതാണ്. ദർഘാസ് അടങ്ങിയ കവറിനു പുറത്ത് "പോലീസ് ഡിപ്പാർട്ട്മെന്റ് വക എ.ആർ ക്യാമ്പിലെ കെട്ടിടങ്ങൾ (2 ബാരക്കും ,1 വെഹിക്കിൾ ഷെഡ്) ലേലം ചെയ്ത് വാങ്ങുന്നതിനുള്ള ദർഘാസ്" എന്നു വ്യക്തമായി എഴുതേണ്ടതാണ്. ദർഘാസ് സമർപ്പിച്ചിട്ടുള്ളവരെല്ലാം ലേല സമയത്ത് നേരിട്ട് ഹാജരാകേണ്ടതാണ്.

പരസ്യ ലേലം കഴിഞ്ഞ ഉടൻ ദർഘാസ് അടങ്ങിയ കവറുകൾ തുറക്കുന്നതും ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊണ്ട ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലത്തുകയുടെ പകുതി (നികുതിയുൾപ്പെടെ) ലേല സ്ഥലത്ത് വെച്ച് തന്നെ അടച്ചു രസീത് കൈപ്പറ്റേണ്ടതുമാണ്. ലേലം നഷ്ടപ്പെടുന്നവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്. ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പ് ലഭിച്ചു കഴിഞ്ഞാൽ ലേലം കൈക്കൊണ്ടയാൾ,മുഴുവൻ തുകയും അടച്ചു പത്ത് ദിവസത്തിനകം സ്വന്തം ചെലവിൽ ടി കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ പാലിക്കാതെ വന്നാൽ ടിയാൻറെ നിരത ദ്രവ്യം സർക്കാരിലേയ്ക്ക് മുതൽകൂട്ടുന്നതും കെട്ടിടം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിന് സർക്കാരിന് ഉണ്ടാകുന്ന നഷ്ടത്തിന് മുൻ ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയക്ക് മുൻ ലേലക്കാരന് യാതൊരു വിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല. ലേലം നിശ്ചയിച്ചിരിക്കുന്ന കെട്ടിടങ്ങൾ ലേല തീയതിക്ക് മുൻപുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകീട്ട്4 മണി വരെ കമാണ്ടന്റ്, എ.ആർ ക്യാമ്പിന്റെ മുൻകൂർ അനുമതിയോടെ കാണാവുന്നതാണ്. തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിക്ക് ഉചിതമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം നിർത്തി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ലേലത്തിനു ബാധകമായിരിക്കും.

.

Ramesh Kumar P N

G5-88145/2017/TC

28d940

Deputy Commissioner of Police
For District Police Chief

| | | |
|---|---|---|
| To | : | 1. ചെയർമാനും ബോർഡ് മെമ്പർമാർക്കും അനന്തര നടപടികൾക്കായി. |
| Copy To | : | 1.എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, തിരുവനന്തപുരം സിറ്റിയിലെ എല്ലാ ഓഫീസർമാർക്കുംആവശ്യമായ പരസ്യം നൽകുന്നതിനു വേണ്ടി നൽകുന്നു. 2.ഡയറക്ടർ, പബ്ലിക്റിലേഷൻസ് വകുപ്പ് തിരുവനന്തപുരം, സൂപ്രണ്ട്, ഗവ.പ്രസ്സ്(ആമുഖ കത്ത് സഹിതം) |

Internal Administrative Processing System
iAPS
KERALA POLICE